**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2338** **09-02-2023 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശേരി എക്സൈസ് റേഞ്ച്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ. എൻ. ജയരാജ്</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ചങ്ങനാശേരി എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തനപരിധി ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിലാണെന്നും അവയുടെ പട്ടികയും ലഭ്യമാക്കാമോ;</td><td>(എ)</td><td>കുറിച്ചി, വാഴപ്പള്ളി, തൃക്കൊടിത്താനം, കങ്ങഴ, വെള്ളാവൂർ, മാടപ്പള്ളി, നെടുംകുന്നം, പായിപ്പാട്, കറുകച്ചാൽ, വാഴൂർ, വാകത്താനം എന്നിങ്ങനെ 11 ഗ്രാമപഞ്ചായത്തുകളാണ് ചങ്ങനാശ്ശേരി എക്സൈസ് റെയിഞ്ച് ഓഫീസിന്റെ പരിധിയിലുള്ളത്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത റേഞ്ച് ഓഫീസിന്റെ പരിധിയിൽ 2020, 2021, 2022 വർഷങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എൻ.ഡി.പി.എസ്, അബ്കാരി കേസുകൾ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തെ എല്ലാ റേഞ്ച് ഓഫീസുകളും കണക്കിലെടുത്താൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണമനുസരിച്ച് പ്രസ്തുത ഓഫീസ് എത്രാമത്തെ സ്ഥാനത്താണെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>ചങ്ങനാശേരി എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിൽ 2020, 2021, 2022 വർഷങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എൻ.ഡി.പി.എസ്, അബ്കാരി കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><table><tr><th></th><th>2020</th><th>2021</th><th>2022</th></tr><tr><td>അബ്കാരി</td><td>160</td><td>192</td><td>212</td></tr><tr><td>എൻ.ഡി.പി.എസ്</td><td>39</td><td>39</td><td>66</td></tr></table><br>2022 വർഷത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അബ്കാരി കേസുകൾ എടുത്ത റേഞ്ച് ഓഫീസുകളിൽ 13-ാം സ്ഥാനവും, എൻ.ഡി.പി.എസ് കേസുകൾ എടുത്ത റേഞ്ച് ഓഫീസുകളിൽ 14-ാം സ്ഥാനവുമാണുള്ളത്</td></tr>
<tr><td>(സി)</td><td>പ്രസ്തുത റേഞ്ച് ഓഫീസിന്റെ പരിധിയിൽ എത്ര ബാർ ഹോട്ടലുകൾ, ബീയർ പാർലറുകൾ, കള്ള് ഷാപ്പുകൾ, ബെവ്കോ ഔട്ട് ലെറ്റുകൾ എന്നിവയുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>3 ബെവ്കോ ഔട്ട് ലെറ്റുകൾ, 11 ബാറുകൾ, 1 എഫ്എൽ 4 ഷോപ്പ് (ക്ലബ്ബ്), 2 കെ.റ്റി.ഡി.സി. ബീയർ പാർലറുകൾ ഉൾപ്പെടെ 5 ബീയർ പാർലറുകൾ, 66 കള്ളുഷാപ്പുകൾ എന്നിവയാണ് ചങ്ങനാശ്ശേരി റെയിഞ്ച് പരിധിയിൽ പ്രവർത്തിക്കുന്നത്.</td></tr>
<tr><td>(ഡി)</td><td>ജോലിഭാരം കണക്കിലെടുത്ത് വാഴൂർ കേന്ദ്രീകരിച്ച് കറുകച്ചാൽ, നെടുങ്കുന്നം, കങ്ങഴ, വെള്ളാവൂർ, വാഴൂർ ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി പുതിയ റേഞ്ച് ഓഫീസ് വാഴൂർ സിവിൽ സ്റ്റേഷനിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?</td><td>(ഡി)</td><td>നിലവിലുള്ള ചങ്ങനാശ്ശേരി എക്സൈസ് റെയിഞ്ചിനെ രണ്ടായി വിഭജിച്ച് ,വെള്ളാവൂർ , വാഴൂർ , വാകത്താനം ,നെടുംകുന്നം,കങ്ങഴ , കറുകച്ചാൽ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന രീതിയിൽ നെടുംകുന്നം എന്ന പേരിൽ പുതുതായി എക്സൈസ് റേഞ്ച് ഓഫീസ് ഒന്നാം ഘട്ടമായി രൂപീകരിക്കുന്നതുൾപ്പെടെ, മൂന്ന് ഘട്ടങ്ങളിലായി ആകെ 37 പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതുൾപ്പെടെയുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും, എക്സൈസ് വകുപ്പിന് കീഴിൽ</td></tr>
</table>

| | | | |
|---|---|---|---|
| | | | നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന പ്രൊപോസൽ പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ല എന്നും, എക്സൈസ് കമ്മീഷണറുടെ ശുപാർശയിൽ ഒന്നാം ഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം പിന്നീട് പരിഗണിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ